# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1726/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 12/01/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1726/2022 തീയ്യതി: 12/01/2023

## ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2021 മുതൽ 19-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 19-11-2022 | 24-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ ) |
|---|---|
| 19-11-2022 | 24-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജിമോൻ വി.ജി (ഓഡിറ്റ് ഓഫീസർ)
ശ്രീ. ജോസഫ് ചാക്കോ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ. ബെന്നി മാത്യു (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ജോമോൻ ഫ്രാൻസിസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. വിഷ്ണു പി.കെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. സെബിൻ സെബാസ്റ്റ്യൻ(ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.കെ സജികുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ബിജു പി.വി | സെക്രട്ടറി | 01-04-2021 | 15-09-2021 |
| ശ്രീ പി സിഫി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-09-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി സിഫി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ ജോൺ പോൾ | അസി. എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ആഷാ ശശി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മിനു ജയിംസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. മിലി എം. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 06-04-2021 |

| | | | |
|---|---|---|---|
| ഡോ. ശിൽപ ജോസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 07-04-2021 | 18-01-2022 |
| ഡോ. മിലി എം. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 19-01-2022 | 31-03-2022 |
| ഡോ. ശ്രീജിത് ശിവൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി ത്രേസ്യമ്മ ജേക്കബ്ബ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശീതൾ ശ്രീധരൻ | വി.ഇ.ഒ | 01-04-2021 | 04-10-2021 |
| ശ്രീമതി റജിമോൾ ആർ. | വി.ഇ.ഒ | 05-10-2021 | 31-03-2022 |
| ശ്രീ മുരുകേശൻ എസ് | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. സനിത്കുമാർ എൻ. റ്റി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ | 1-10 |
| 11 | ഓൺലൈനായി ഒടുക്കുന്ന തുകകൾ അക്കൗണ്ടിൽ കൃത്യമായി എത്തുന്നില്ല | 1-11 |
| 12 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-12 |
| 13 | സമീപസ്ഥങ്ങളായ കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയം നടത്തി | 1-13 |
| 14 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയതിലെ അപാകങ്ങൾ | 1-14 |
| 15 | നിയമ/ചട്ടത്തിന്റെ പിൻബലമില്ലാതെ വസ്തു നികുതി ഒഴിവാക്കി | 1-15 |
| 16 | ഇ-ടെണ്ടർ ഫോറ വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല | 1-16 |
| 17 | സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സർക്കാർ ഗ്രാന്റുകൾ തനത് ഫണ്ടിൽ സൂക്ഷിച്ച് യഥേഷ്ടം ചെലവഴിക്കുന്നു | 1-17 |
| 18 | പാലിന് സബ്സിഡി തുക സർക്കാർ പരിധി അതിലംഘിച്ച് അനുവദിച്ചു | 1-18 |
| 19 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഒരേ വ്യക്തികൾക്ക് ഒന്നിലധികം പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യം നൽകി - ₹1,18,004/- നിരാകരിക്കുന്നു | 1-19 |
| 20 | നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഈടാക്കിയ തുക സർക്കാരിലേക്ക് ഒടുക്കിയില്ല | 1-20 |
| 21 | മരാമത്ത് പ്രവൃത്തിയിലെ ഇനത്തിന് അധിക നിരക്ക് അനുവദിച്ചു | 1-21 |
| 22 | നീക്കം ചെയ്ത ജി.ഐ. പൈപ്പുകൾ ലേലം ചെയ്ത മുതൽ കൂട്ടിയില്ല | 1-22 |
| 23 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല | 1-23 |
| 24 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി (നിലാവ്) പൂർത്തീകരിച്ചില്ല | 1-24 |
| 25 | അനർഹമായി ക്ഷേമ പെൻഷൻ അനുവദിച്ചത് സംബന്ധിച്ച് | 1-25 |
| 26 | സംഭാവനകളായി ലഭിച്ച തുകകൾ സർക്കാർ ഫണ്ടിലൊടുക്കിയില്ല | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പാലിന് സബ്സിഡി തുക സർക്കാർ പരിധി അതിലംഘിച്ച് അനുവദിച്ചു | 3-1 |
| 2 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പ്രോജക്ട് നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേട് - ₹1,18,004/- നിരാകരിക്കുന്നു | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 06-03-2021-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം ₹23,01,785/- മുന്നിരിപ്പും ₹22,04,40,250/- വരവും ₹21,96,48,000/- ചെലവും ₹30,94,035/- നീക്കിയിരിപ്പും പ്രതീക്ഷിച്ചിരുന്നു. 2021-22 വർഷത്തെ പരിഷ്കരിച്ച ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06-03-2021-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20-01-2021-ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് പ്രകാരം ₹25,88,782/- മുന്നിരിപ്പും ₹27,04,94,500/- വരവും ₹27,15,97,000/- ചെലവും ₹14,86,282/- നീക്കിയിരിപ്പും പ്രതീക്ഷിച്ചിരുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 03.05.2022 | -- | -- |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 23265157 | 23265157 | 20778471 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5290208 | 5290208 | 4424770 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1329800 | 1329800 | 1196000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 6307150 | 6307150 | 3739826 | 2567324 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 15034066 | 15034066 | 4981383 | 10052683 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 20956000 | 20956000 | 14996917 | 0 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 0 | 10963222 | 10963222 | 3671491 | 0 |
| തൊഴിലുറപ്പ് പദ്ധതി – ഭരണ ചെലവ് | 2801 | 1607922 | 1610723 | 1455836 | 154887 |
| തൊഴിലുറപ്പ് പദ്ധതി - തൊഴിലാളികളുടെ കൂലി | 0 | 43098021 | 43098021 | 43098021 | 0 |
| ടോട്ടൽ സാനിറ്റേഷൻ (320100115) | 78125 | 0 | 78125 | 65987 | 12138 |
| ഐ.സി.ഡി.എസ് | 1811018 | 818845 | 2629863 | 1134917 | 1494946 |
| കേരളോത്സവം | 16600 | 0 | 16600 | 0 | 16600 |
| ശുചിത്വ മിഷൻ (320200322) | 131139 | 0 | 131139 | 0 | 131139 |
| അംഗൻവാടി മെയിന്റനൻസ് | 108909 | 0 | 108909 | 108909 | 0 |
| മഴക്കാല പൂർവ്വ ശുചീകരണം | 100000 | 0 | 100000 | 100000 | 0 |
| ടോയിലറ്റ് മെയിന്റനൻസ് (320100199) | 0 | 300205 | 300205 | 227995 | 72210 |
| ഗ്രാന്റ് (320200305) | 0 | 93430 | 93430 | 93430 | 0 |
| ഗ്രാന്റ് (320300199) | 0 | 1833000 | 1833000 | 1350000 | 483000 |
| സംയുക്ത പദ്ധതി – ബ്ലോക്ക്ഞ്ചായത്ത് വിഹിതം (320700104) | 0 | 500000 | 500000 | 0 | 500000 |
| സംയുക്ത പദ്ധതി– ബ്ലോക്ക്പഞ്ചായത്ത് വിഹിതം (320700204) | 0 | 1680260 | 1680260 | 260560 | 1419700 |
| ഗ്രാന്റ് (320800199) | 0 | 244047 | 244047 | 22597 | 221450 |

| | | | | | |
|---|---|---|---|---|---|
| സംയുക്ത പദ്ധതി – ജില്ലാപഞ്ചായത്ത് വിഹിതം (320700205) | 2700000 | 0 | 2700000 | 300000 | 2400000 |
| സംയുക്ത പദ്ധതി – ജില്ലാ പഞ്ചായത്ത് വിഹിതം (320700405) | 21250 | 0 | 21250 | 0 | 21250 |

1-3-1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിവരങ്ങൾ ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ബജറ്റ് വിഹിതം | അംഗൻവാടി ഹോണറേറിയം | ലൈഫ് ലോൺ | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| | (₹) | (₹) | (₹) | (₹) |
| വികസനഫണ്ട് (ജനറൽ) | 23265157 | 1095000 | 5672849 | 16497308 |
| വികസനഫണ്ട് (SCP) | 5290208 | 0 | 324767 | 4965441 |
| വികസനഫണ്ട് (TSP) | 1329800 | 0 | 162384 | 1167416 |

1-3-2) മെയിന്റനൻസ് ഗ്രാന്റിന്റെ ചെലവ് നിശ്ചിത പരിധി കടന്നില്ല

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് ശതമാനം 80%ൽ കുറവ് വന്നാൽ കുറവാകുന്ന തുക അടുത്ത വർഷത്തെ ഗ്രാന്റിൽ നിന്നും കുറവ് ചെയ്യപ്പെടും [15.07.1991-ലെ സ.ഉ.(കൈ)നം.79/2021/ധന.]. കൂടാതെ എസ്. സി.പി./ടി.എസ്.പി. ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20% കഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണ്. ഉടുമ്പൻചോല പഞ്ചായത്തിൽ 2021-22 വർഷം മെയിന്റനൻസ് ഫണ്ട് - റോഡ്/റോഡിതരം എന്നിവയിൽ യഥാക്രമം 71.56%, 33.49% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. കുറവ് വന്ന തുകകൾ പഞ്ചായത്തിന് നഷ്ടമാകുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | ചെലവ് ശതമാനം | നീക്കിയിരിപ്പ് ₹ | അടുത്ത വർഷത്തേയ്ക്ക് അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 20956000 | 14996917 | 71.56% | 5959083 | 4191200 | 1767883 |
| മെയിന്റനൻസ് ഗ്രാന്റ്– റോഡിതരം | 10963222 | 3671491 | 33.49% | 7291731 | 2192644 | 5099087 |

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 223 | 139741926 | 144 | 65811024 | 79 | 64.6% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 44 | 31 | 19024693 | 13879454 | 72.95 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 131 | 77 | 56234416 | 26891640 | 47.82 |
| കൃഷി ഓഫീസർ | 6 | 5 | 3668387 | 974093 | 26.55 |
| വെറ്ററിനറി സർജൻ | 5 | 3 | 1558000 | 983600 | 63.13 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 7 | 2820530 | 2326331 | 82.48 |
| വി.ഇ.ഒ. | 14 | 11 | 44029200 | 13296450 | 30.20 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 3 | 5056600 | 4602259 | 91.01 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 3 | 1 | 961000 | 308000 | 32.05 |
| ഡയറി ഫാം ഇൻസ്പക്ടർ | 2 | 2 | 4290000 | 2229851 | 3.00 |
| അസി. സെക്രട്ടറി | 6 | 3 | 1361100 | 224823 | 16.52 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 738000 | 94523 | 12.81 |
| ആകെ | 223 | 144 | 139741926 | 65811024 | 47.09 |

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2801 | 1607922 | 1610723 | 1455836 | 154887 |
| തൊഴിലാളികളുടെ കൂലി | 0 | 43098021 | 43098021 | 43098021 | 0 |

1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4800 | 3 |
| വിധവാ പെൻഷൻ | 855600 | 554 |
| വാർദ്ധക്യ കാല പെൻഷൻ | 2309800 | 1546 |
| വികലാംഗ പെൻഷൻ | 198200 | 92 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14400 | 9 |

1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2022-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹23,892/-(ഇരുപത്തി മൂവായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം)യുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന

| തസ്തിക | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം |
|---|---|
| സെക്രട്ടറി | 01 |
| അസി. സെക്രട്ടറി | 01 |
| ജൂനിയർ സൂപ്രണ്ട് | 01 |
| അക്കൗണ്ടന്റ് | 01 |
| സീനിയർ ക്ലാർക്ക് | 03 |
| ക്ലാർക്ക് | 04 |
| ഡ്രൈവർ | 01 |
| ഓഫീസ് അറ്റന്റന്റ് | 02 |
| ഫുൾ ടൈം സ്വീപ്പർ | 03 |
| ടെക്നിക്കൽ അസിസ്റ്റന്റ് (കരാർ അടിസ്ഥാനത്തിൽ) | 01 |
| പ്രോജക്ട് അസിസ്റ്റന്റ് (കരാർ അടിസ്ഥാനത്തിൽ) | 01 |

. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.

- ഭരണ സമിതി-സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ആസൂത്രണ-നിർവ്വഹണ പ്രക്രിയകളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകുന്നതായി കാണുന്നില്ല.
- തനത് വരുമാന സ്രോതസ്സുകൾ വളരെ ശുഷ്കമാണ്. എന്നാൽ അവ പരമാവധി ചൂഷണം ചെയ്ത് വരുമാന വർദ്ധനവ് ഉറപ്പാക്കുന്ന നടപടികൾ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. പിരിവ് ശതമാനവും വരവിനങ്ങളിലെ വൻകുടിശ്ശികയും അക്കാര്യം സ്ഥിരീകരിക്കുന്നു.
- വസ്തു നികുതിയിലെ വൻ കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള തുകകൾ പലതും പിരിഞ്ഞു കിട്ടാൻ സാധ്യതയില്ലാത്തതാണ്. സഞ്ചയ പ്യൂരിഫിക്കേഷൻ ഫലപ്രദമായി നടപ്പാക്കാത്തതിനാൽ പൊളിച്ചു കളഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ കെട്ടിടങ്ങൾ ഡിമാന്റിൽ ശേഷിക്കുന്നു.
- റവന്യൂ വരവിനങ്ങളിലെ കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ തുകയും അയഥാർത്ഥമാണെങ്കിലും അവ ധനകാര്യ പത്രികയിൽ നിലനിൽക്കുന്നതിനാൽ വിടവ് നികത്തൽ ഫണ്ട് പോലും ലഭിക്കാത്ത സാഹചര്യമാണുള്ളത്.
- നികുതി/ഫീസ് നിർണ്ണയം, ചുമത്തൽ, ഈടാക്കൽ നടപടിക്രമങ്ങളിൽ അപാകതകൾ സംഭവിച്ചിട്ടുള്ളത് ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളായി സർക്കാരിൽ നിന്നും ഇതര സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകൾ വകമാറ്റി ആവർത്തന ചെലവുകൾക്കായി വിനിയോഗിച്ചതിനാൽ വൻതുക ബാധ്യത ഉണ്ടായിട്ടുണ്ട്.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.
- ഗ്രാമപഞ്ചായത്ത് 01.04.2022-ലാണ് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണ നിർവ്വഹണം ആരംഭിച്ചത്. എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ്‌വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന പ്രഖ്യാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റ്‌വെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സിവിൽ രജിസ്ട്രേഷൻ) ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്.
- സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ് തുടങ്ങിയവ പരിപാലിക്കുന്നുണ്ട്.
- കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.
- സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- പ്രതിമാസ അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ പത്രികകൾ സഹിതം കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നു.
- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം

നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

- നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.
- സർക്കാരിന്റെയും ഗ്രാമപഞ്ചായത്തിന്റെയും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി മൂലം ഫണ്ട് കണ്ടെത്താൻ കഴിയാതെ വളരെയധികം പ്രോജക്ടുകൾ ഒഴിവാക്കേണ്ടി വന്നിട്ടുണ്ട്.
- പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവ് ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.
- വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവഹണം വർഷാവസാനത്തേക്ക് കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവ്വഹണത്തിലെ വലിയ പാളിച്ചയായി.
- സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ടെങ്കിലും മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദാക്കാത്തതിനാൽ അനർഹമായി തുക ക്രമീകരിച്ചിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

### 1-9 വാർഷിക കണക്കിലെ അപാകതകൾ

1. പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2. ഇ-പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ കെ.യു.ആർ.ഡി.എഫ്.സി. വായ്പ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഓൺലൈനായി ഒടുക്കുന്ന തുകകൾ അക്കൗണ്ടിൽ കൃത്യമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

### 1-10 ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ

A) തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്നതിന് നിലവിൽ ട്രഷറി അക്കൗണ്ടിന് പുറമെ രണ്ട് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കൂടി നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | ഉടുമ്പൻചോല സർവീസ് സഹകരണ ബാങ്ക് | UDU12000006886 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഉടുമ്പൻചോല ശാഖ | 423402010001989 |

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 3 അനുസരിച്ച് പഞ്ചായത്ത് ഫണ്ട് ട്രഷറി/പോസ്റ്റോഫീസ്/സഹകരണ ബാങ്ക്/ദേശസാത്കൃത ബാങ്ക്/എന്നിവിടങ്ങളിൽ സൂക്ഷിക്കാവുന്നതാണ്. പ്രസ്തുത ചട്ടത്തിന് സ്പഷ്ടീകരണമായി പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3/2008 നമ്പർ പരിപത്രമനുസരിച്ച്, തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് അഭികാമ്യമല്ല. അത് ട്രഷറിക്ക് പുറമെ ഒരു സഹകരണ ബാങ്ക്/ദേശസാത്കൃത ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. ആകയാൽ പട്ടികയിൽ പരാമർശിക്കുന്നതിൽ ഒരു അക്കൗണ്ട് മാത്രം നിലനിർത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

B) ഇ - പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യുടെ നെടുങ്കണ്ടം ശാഖയിൽ (IFSC: SBIN0070216) ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നികുതി തുകകൾ ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത് (അക്കൗണ്ട് നം. 67393431588). 28.10.2022 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ ₹4,10,203/- ബാക്കിയുണ്ടായിരുന്നു. പലിശ രഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ

ഗണ്യമായ തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. അവശേഷിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

C) ഇ - പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ കെ.യു.ആർ.ഡി.എഫ്.സി വായ്പ തുകകൾ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി തുകകൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യുടെ നെടുങ്കണ്ടം ശാഖയിൽ (IFSC: SBIN0070216) ആരംഭിച്ച കറന്റ് അക്കൗണ്ടിലാണ് (A/c. Nc: 67393431588) ലൈഫ് ഭവന പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് ലഭിക്കുന്ന വായ്പ തുക സൂക്ഷിക്കുകയും ഇടപാടുകൾ നടത്തുകയും ചെയ്യുന്നത്. ലൈഫ് ഭവന പദ്ധതിക്കായി വായ്പ തുക സ്വീകരിക്കുന്നതിനും ഇടപാടുകൾ നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുറന്ന് ക്രമീകരണങ്ങൾ നടത്തേണ്ടതാണെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കെ പ്രസ്തുത അക്കൗണ്ട് ഇപ്രകാരം ഉപയോഗിച്ച നടപടി ക്രമപ്രകാരമുള്ളതല്ല. ആയതിന് വിശദീകരണം നൽകേണ്ടതും തുകകൾ യഥാവിധി ക്രമീകരിച്ച് അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-11 ഓൺലൈനായി ഒടുക്കുന്ന തുകകൾ അക്കൗണ്ടിൽ കൃത്യമായി എത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഓൺലൈനായി ഒടുക്കുന്ന നികുതി തുകകൾ സ്വീകരിക്കുന്നതിന് എസ്.ബി.ഐ., നെടുങ്കണ്ടം ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് നിലവിലുണ്ട് (AC.NO: 67393431588). ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്യപ്പെടുന്നുണ്ടെങ്കിലും പണം പ്രസ്തുത അക്കൗണ്ടിലേക്ക് വരുന്നതിന് പകരം പ്രാഥമികമായി ഐ.കെ.എം.- ന്റെ GATEWAY-ലേക്കാണ് പോകുന്നത്. എന്നാൽ അവിടെ നിന്നും പഞ്ചായത്തിന്റെ പേരിലുള്ള പ്രസ്തുത അക്കൗണ്ടിലേക്ക് തുകകൾ എത്തുന്നതിൽ ഏറെ കാലതാമസം നേരിടുന്നുണ്ട്. സഞ്ചയയിൽ നിന്ന് ലഭിച്ച ഇ-പേയ്മെന്റ് റെസിപ്റ്റ് വിവരങ്ങൾ (01.12.2021 മുതൽ 28.10.2022 വരെയുള്ള ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്) എന്നിവ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക ഒടുക്കിയ തീയതി | ആകെ തുക ₹ | പഞ്ചായത്തിന്റെ ഇ-പേയ്മെന്റ് അക്കൗണ്ടിൽ എത്തിയ തീയതി/വിശദാംശങ്ങൾ |
|---|---|---|---|
| 1 | 14.02.2022 | 660 | 15.03.2022 |
| 2 | 15.02.2022 | 286 | തുക അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| 3 | 16.02.2022 | 548 | തുക അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| 4 | 17.02.2022 | 913 | തുക അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| 5 | 22.02.2022 | 457 | തുക അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| 6 | 24.02.2022 | 317 | തുക അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| 7 | 26.02.2022 | 218 | തുക അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| 8 | 27.02.2022 | 1246 | തുക അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| 9 | 28.02.2022 | 1563 | തുക അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |

ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ ഇ-പേയ്മെന്റ് അക്കൗണ്ടിൽ യഥാസമയം കൃത്യമായി എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ ലഭ്യമാകാൻ ശേഷിക്കുന്ന തുകകൾ അക്കൗണ്ടിൽ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 3, 4 വാർഡുകളിലെ വസ്തുനികുതി വിവരങ്ങൾ (സഞ്ചയ സോഫ്റ്റ്വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ഏതാനും കെട്ടിടങ്ങളെ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുത്തി ₹50/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും അവയുടെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിലാണെന്ന് കാണുകയുണ്ടായി. വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹70/-യാണ്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|
| 1 | 3/607 | പി.കെ സൂര്യനാരായണ രാജ് | 103 ച.മീ |
| 2 | 4/160 | ജൂബിൻ കെ ജെ | 231.5 ച.മീ |
| 3 | 4/162 | ജൂബിൻ കെ ജെ | 170.5 ച.മീ |

| | | | |
|---|---|---|---|
| 4 | 4/165 | രാജി മനചന്ദ്രൻ | 118.04 ച.മീ |
| 5 | 4/671 | സിനി വാഴേപറമ്പിൽ | 164.34 ച.മീ |

വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ളപക്ഷം പുനർ നിർണയിച്ച് ഡിമാൻഡ് ചെയ്ത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 സമീപസ്ഥലങ്ങളായ കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയം നടത്തി

ഗ്രാമ പഞ്ചായത്തിലെ സമീപസ്ഥലങ്ങളായ ചില കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ സ്ഥിതിചെയ്യുന്നതെന്ന് പരിഗണിച്ച് വസ്തു നികുതി വ്യത്യസ്ത നിരക്കിൽ നിർണയിച്ചതായി കാണുന്നു. തന്മൂലം വസ്തു നികുതിയിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. വാർഡ് 4-ലെ വിവരങ്ങൾ മാത്രം പരിശോധിച്ചതിലെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണം | ഉപയോഗ ക്രമം | മേഖല | റോഡിന്റെ പേര് |
|---|---|---|---|---|---|---|
| 1 | 126 A | ശശി പുത്തൻപുരയ്ക്കൽ | 19.1 ച മീ. | ഇതര വ്യവസായ ആവശ്യത്തിനുള്ള | പ്രഥമം | കുമളി-മൂന്നാർ റോഡ് |
| 2 | 127 | സുരേഷ് ബാബു | 95.91 ച മീ. | പാർപ്പിടാവശ്യം | പ്രഥമം | കുമളി-മൂന്നാർ റോഡ് |
| 3 | 128 | വേണു പടിഞ്ഞാറെപുത്തൻപുരക്കൽ | 142 ച മീ. | പാർപ്പിടാവശ്യം | ദ്വിതീയം | ഉടുമ്പൻചോല |
| 4 | 128 A | പി. ഡി. ജോർജ്ജ് | 234 ച മീ. | പാർപ്പിടാവശ്യം | പ്രഥമം | കുമളി-മൂന്നാർ റോഡ് |
| 5 | 128 B | തോമസ് എൻ. റ്റി. | 58.96 ച മീ. | വ്യവസായ ആവശ്യത്തിന് കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | പ്രഥമം | കുമളി-മൂന്നാർ റോഡ് |
| 6 | 128 C | തോമസ് എൻ. റ്റി. | 45.7 ച മീ. | ഇതര വ്യവസായ ആവശ്യത്തിനുള്ള | പ്രഥമം | കുമളി-മൂന്നാർ റോഡ് |
| 7 | 128 D | അനീഷ് കുമാർ കെ. | 240 ച മീ. | ഇതര വ്യവസായ ആവശ്യത്തിനുള്ള | പ്രഥമം | കുമളി-മൂന്നാർ റോഡ് |
| 8 | 129 | മാത്യു യേശുദാസ് | 14.5 ച മീ. | വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | തൃതീയം | കുമളി-മൂന്നാർ റോഡ് |
| 9 | 129 A | മാത്യു യേശുദാസ് | 14.5 ച മീ. | വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | തൃതീയം | കുമളി-മൂന്നാർ റോഡ് |
| 10 | 129 B | മാത്യു യേശുദാസ് | 14.5 ച മീ. | വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | തൃതീയം | കുമളി-മൂന്നാർ റോഡ് |
| 11 | 130 | ശിവദാസ് എം. വി. | 107.72 ച മീ. | പാർപ്പിടാവശ്യം | പ്രഥമം | കുമളി-മൂന്നാർ റോഡ് |
| 12 | 131 | ലീല മന്നക്കാട്ടുശ്ശേരിൽ | 35 ച മീ. | വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | തൃതീയം | കുമളി-മൂന്നാർ റോഡ് |

| | | | | | | |
|---|---|---|---|---|---|---|
| 13 | 131 B | ലീലാ ശിവദാസ് | 28 ച മീ. | വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | പ്രഥമം | കുമളി-മൂന്നാർ റോഡ് |

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 7(4) പ്രകാരം വസ്തു നികുതി നിർണ്ണയിക്കുന്നതിനായി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളായി വിജ്ഞാപനം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 03/തീ.24.11.2022) മറുപടി ലഭ്യമാക്കിയില്ല. ഒരേ മേഖലയിൽ സ്ഥിതി ചെയ്യുന്നതായി പരിഗണിക്കേണ്ട പ്രസ്തുത കെട്ടിടങ്ങൾ വ്യത്യസ്ത മേഖലയിലേതെന്ന് പരിഗണിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അവയുടെ നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-14 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയതിലെ അപാകങ്ങൾ

A. മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 34 അനുസരിച്ച്, ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുന്ന/സന്ദർശിക്കേണ്ട (താമസം, ജോലി, വിദ്യാലയം, കച്ചവടം, വ്യവസായം, മുതലായവ) മനുഷ്യ സാന്നിധ്യമുണ്ടാകാനിടയുള്ള നിർമ്മാണങ്ങളെയാണ് ഏതെങ്കിലും ഒക്യുപൻസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊബൈൽ ടവർ അടക്കമുള്ള മറ്റ് കെട്ടിടങ്ങളെ Appurtenant Buildings/Operational Constructions/auxiliary Buildings എന്നാണ് കണക്കാക്കിയിരിക്കുന്നത്. ആകയാൽ അവയ്ക്ക് മറ്റ് കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന രീതിയിൽ വസ്തു നികുതിയിൽ ഇളവ് അനുവദിക്കാൻ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ വ്യവസ്ഥകളില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ മൊബൈൽ ടവറുകൾക്ക് മേഖല, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട.നം | ഉടമ | ഇളവിന്റെ മാനദണ്ഡം (ശതമാനത്തിൽ ) | | | | ടവറിന്റെയും അനുബന്ധ ഭൂമിയുടെയും വിസ്തീർണം |
|---|---|---|---|---|---|---|---|
| | | | മേഖല | മേൽക്കൂര | കാലപ്പഴക്കം | ആകെ | |
| 1 | 5/240 | ഇൻഡസ് | 10 | - | 10 | 20 | 20 ച.മീ |
| 2 | 6/553 | ഇൻഡസ് | 20 | | | 20 | 20 ച.മീ |
| 3 | 6/553 A | ബി.എസ്.എൻ.എൽ. | 20 | - | - | 20 | 20 ച.മീ |
| 4 | 12/138 | ബി.എസ്.എൻ.എൽ. | 10 | 10 | - | 20 | 20 ച.മീ |
| 5 | 12/606 | എ. ടി. സി. ടെലികോം | 10 | 10 | - | 20 | 20 ച.മീ |
| 6 | 13/239 | ഐഡിയ | 20 | - | | 20 | 20 ച.മീ |
| 7 | 13/289 | വൊഡാഫോൺ | 10 | - | 10 | 20 | 20 ച.മീ |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.01.2011-ലെ ജി.ഒ(പി)14/2011 നമ്പർ ഉത്തരവനുസരിച്ച് മൊബൈൽ ടവറുകൾക്ക് ഗ്രാമപഞ്ചായത്തിൽ ചതുരശ്ര മീറ്ററിന് ₹500/-യാണ് അടിസ്ഥാന വസ്തു നികുതിയായി നിശ്ചയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനത്തിലും പ്രസ്തുത നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. അനർഹമായ ഇളവ് നൽകിയത് മൂലം ഗണ്യമായ തുക വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ച് വരുമാന നഷ്ടം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

B. മൊബൈൽ ടവർ - വസ്തു നികുതിയിൽ വൻ കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട | ഉടമ | കാലയളവ് | അർദ്ധവർഷങ്ങൾ X തുക ₹ | ഒട്ടാകെയുള്ള കുടിശ്ശിക |
|---|---|---|---|---|---|

| | നം. | | | | |
|---|---|---|---|---|---|
| 1 | 3/636 | ബി.എസ്.എൻ.എൽ. | 2013-14 മുതൽ 2021-22 വരെ | 18 X 5250 | 94500 |
| 2 | 6/553 A | ബി.എസ്.എൻ.എൽ. | 2013-14 മുതൽ 2021-22 വരെ | 18 X 5250 | 94500 |
| 3 | 12/138 | ബി.എസ്.എൻ.എൽ. | 2013-14 മുതൽ 2021-22 വരെ | 18 X 5250 | 94500 |
| 4 | 13/240 | റിലയൻസ് | 2022 (രണ്ടാം അർദ്ധവാർഷികം) | 1x5250 | 5250 |
| ആകെ | | | | | 288750 |

നികുതി കുടിശ്ശിക കാലികമായി പിരിച്ചെടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-15 നിയമ/ചട്ടത്തിന്റെ പിൻബലമില്ലാതെ വസ്തു നികുതി ഒഴിവാക്കി

A ) നിയമ/ചട്ടത്തിന്റെ പിൻബലമില്ലാതെ വസ്തു നികുതി ഒഴിവാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് അനുസരിച്ച്, വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും, ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് [2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 3 കാണുക]. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്.)144/2015 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് 660 ചതുരശ്ര അടി (60 ചതുരശ്ര മീറ്റർ) വരെയുള്ള വാസഗൃഹങ്ങളെയാണ് 2015-16 മുതൽ വസ്തുനികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിട്ടുള്ള, ഗ്രാമപഞ്ചായത്ത് 3, 4 വാർഡുകളിലെ വസ്തു നികുതി വിവരങ്ങൾ മാത്രം പരിശോധിച്ചതിൽ തന്നെ ഒട്ടേറെ കെട്ടിടങ്ങളെ നിയമ/ചട്ട പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|
| 1 | 3/109 | പാർപ്പിടാവശ്യം | സി. കെ. ശശി | 69.6 ച.മീ |
| 2 | 4/76 | പാർപ്പിടാവശ്യം | മുരളീധരൻ | 69.3 ച.മീ |
| 3 | 4/333 | പാർപ്പിടാവശ്യം | പി. ജെ. ത്രേസ്യ | 74.8 ച.മീ |
| 4 | 4/471 | പാർപ്പിടാവശ്യം | ആലീസ് സെബാസ്റ്റ്യൻ | 67.98 ച.മീ |
| 5 | 4/537 | പാർപ്പിടാവശ്യം | ചിന്നക്കുട്ടി തേവർ | 78 ച.മീ |

സമാന രീതിയിൽ നികുതി ഒഴിവാക്കപ്പെട്ട, എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ പുനഃപരിശോധിക്കേണ്ടതും അനർഹമായതെന്ന് കണ്ടെത്തുന്നവ ഡിമാന്റിൽ ഉൾപ്പെടുത്തി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

B. ഒരേയാളുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

മുൻ ഖണ്ഡികയിൽ പരാമർശിച്ച സർക്കാർ ഉത്തരവിന് സ്പഷ്ടീകരണമായി തദ്ദേശ സ്വയംഭരണ വകുപ്പ് 16.12.2015-ലെ ജി.ഒ.(എം.എസ്.)358/15 നമ്പരായി പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് 60 ചതുരശ്ര മീറ്റർ വരെ (660 സ്ക്വയർ ഫീറ്റ് വരെ) വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളുടേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി ഒഴിവാക്കിയതിന്റെ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി

നൽകിയിട്ടുള്ളതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/<br>കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണ്ണം |
|---|---|---|---|
| 1 | 3/567 | പി. എ. ജഗനാഥരാജ<br>പെരുവാകുളം | 25.5 ച മീ |
| 2 | 3/568 | | 25.5 ച മീ |
| 3 | 3/569 | | 25.5 ച മീ |
| 4 | 3/570 | | 25.5 ച മീ |
| 5 | 3/572 | | 25.5 ച മീ |
| 6 | 3/573 | | 25.5 ച മീ |
| 7 | 3/574 | | 25.5 ച മീ |
| 8 | 3/575 | | 25.5 ച മീ |
| 9 | 3/576 | | 25.5 ച മീ |
| 10 | 3/625 | ശ്രീനിവാസരാജ<br>പെരുവാകുളം | 9.86 ച മീ |
| 11 | 3/626 | | 9.86 ച മീ |
| 12 | 3/628 | | 9.86 ച മീ |

ഇത്തരത്തിൽ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ കണ്ടെത്തി വസ്തു നികുതി കുടിശ്ശിക അടക്കം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫോറ വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് തൻവർഷം ഇ-ടെൻഡർ നടപടികളിലൂടെ നടപ്പാക്കിയ പ്രോജക്ടുകളുടെ ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|
| 33 | 84790 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-17 സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സർക്കാർ ഗ്രാന്റുകൾ തനത് ഫണ്ടിൽ സൂക്ഷിച്ച് യഥേഷ്ടം ചെലവഴിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന സ്രോതസുകൾ വളരെ ശുഷ്കമാണ്. വരുമാനത്തിൽ കാലികമായി വർദ്ധനവുണ്ടാകുന്നില്ലെങ്കിലും റവന്യൂ ചെലവുകളിൽ ഓരോ വർഷവും വൻകുതിപ്പാണുണ്ടാകുന്നത്. നികുതി-നികുതിയിതര വരുമാനങ്ങൾക്ക് പുറമെ പൊതു ആവശ്യ ഗ്രാന്റും നിത്യനിദാന ചെലവുകൾക്ക് വിനിയോഗിച്ചിട്ടും മതിയാവാതെ വരുന്നതിനാൽ സർക്കാരിൽ നിന്നും ഉപരി തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകൾ തനത് ഫണ്ടിന്റെ ഭാഗമാക്കി വിനിയോഗിക്കുന്ന സാഹചര്യമാണ് ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നത്. തൻവർഷത്തെ വരവ്-ചെലവുകൾ തമ്മിലുള്ള അന്തരം സംബന്ധിച്ച സംക്ഷിപ്ത കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക ₹ |
|---|---|
| നികുതി വരുമാനങ്ങൾ | 4180560 |
| നികുതിയിതര വരുമാനങ്ങൾ | 1023678 |
| പൊതു ആവശ്യ ഗ്രാന്റ് | 7546610 |

| | |
|---|---|
| ആകെ വരവുകൾ | 12750848 |
| റവന്യൂ ചെലവുകൾ | 18265178 |
| റവന്യൂ കമ്മി | 5514330 |

സംയോജിത പദ്ധതികൾക്കായി ലഭിക്കുന്ന ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ട്രഷറിയിൽ പ്രത്യേകമായി അക്കൗണ്ട് ആരംഭിച്ച് സൂക്ഷിക്കണമെന്നാണ് സർക്കാർ നിർദ്ദേശം . ഇതുപോലെ തന്നെ LIFE ഭവന പദ്ധതിക്കായി KURDFC മുഖേന ലഭിക്കുന്ന ഹഡ്കോ വായ്പ തുകകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ താത്ക്കാലികമായി സൂക്ഷിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് ആവശ്യാധിഷ്ഠിതം കൈമാറണമെന്നാണ് വ്യവസ്ഥ. ലോൺ അനുവാദ തുക ഒരു കാരണവശാലും ഒന്നിച്ച് പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശമുള്ളതാണ്. എന്നാൽ പ്രസ്തുത വായ്പ തുകയുടെ ക്രമീകരണത്തിനായി നാളിതുവരെ അക്കൗണ്ട് തുറന്നിട്ടില്ല. പകരം വസ്തു നികുതിയുടെ ഓൺലൈൻ പിരിവിനായി ദേശസാത്കൃത ബാങ്കിൽ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിലാണ് വായ്പ തുക സൂക്ഷിക്കുന്നത്. അത് സമയബന്ധിതമായി ചെലവഴിക്കുന്നതായും കാണുന്നില്ല. സമാനമാണ് അംഗൻവാടി പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്ര സർക്കാർ വിഹിതത്തിന്റെയും സൂക്ഷിപ്പ്. അതും തനത് ഫണ്ടിനുള്ള ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ധനകാര്യ പത്രികയിലെ ബാധ്യതകളുടെ ഗണത്തിൽ പ്രസ്തുത തുകകൾ പരാമർശിക്കപ്പെടുന്നുവെങ്കിലും യഥാർത്ഥ നീക്കിയിരിപ്പിൽ അത് ഉൾപ്പെടുന്നില്ലായെന്ന് ബാങ്ക് പാസ്ബുക്കുകളിലെ നീക്കിയിരിപ്പിൽ നിന്ന് വ്യക്തമാണ്. 31.03.2022-ലെ ബാക്കിപത്രത്തിന്റെ ബി4 പത്രികയിൽ ഉൾപ്പെട്ട മേൽ പരാമർശിച്ചത് ഉൾപ്പടെയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, ഇതര തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക ₹ |
|---|---|
| ICDS കേന്ദ്ര വിഹിതം | 1494946 |
| കേന്ദ്ര ഗവ. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 72210 |
| ശുചിത്വ മിഷൻ ഫണ്ട് | 131139 |
| കേരളോത്സവം | 16600 |
| ഗവ. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 483000 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം (മൂലധന വിഹിതം) | 500000 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം (റവന്യൂ വിഹിതം) | 1419700 |
| ജില്ലാപഞ്ചായത്ത് വിഹിതം (റവന്യൂ വിഹിതം) | 2400000 |
| ജില്ലാപഞ്ചായത്ത് വിഹിതം (റവന്യൂ വിഹിതം) | 215250 |
| ഗുണഭോക്തൃ വിഹിതം | 758125 |
| മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | 221450 |
| സംഭാവനകൾ | 181743 |
| ഒട്ടാകെ | 7700163 |

31.03.2022-ലെ ബി17 പ്രകാരമുള്ള തനത് ഫണ്ട് അക്കൗണ്ട് നീക്കിയിരിപ്പ്.

| ഇനം | തുക ₹ |
|---|---|
| കയ്യിരിപ്പ് പണം | 162849 |
| യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, ഉടുമ്പൻചോല ശാഖയിലെ തനത് ഫണ്ട് അക്കൗണ്ട് | 1423208 |
| SBI നെടുങ്കണ്ടം ശാഖ Online Payment അക്കൗണ്ട് | 1307886 |
| ഉടുമ്പൻചോല സഹകരണ ബാങ്ക് | 1303145 |
| ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് | 865572 |
| ഒട്ടാകെ | 5062660 |

വകമാറ്റി ചെലവഴിച്ച തുക – 7700163 – 5062660 = ₹26,37,503/-

പ്രത്യേക ലക്ഷ്യം മുൻനിർത്തി അനുവദിക്കപ്പെടുന്ന തുകകൾ തനത് ഫണ്ടിൽ നിലനിർത്തി ശമ്പളത്തിനും ആവർത്തന ചെലവുകൾക്കുമായി യഥേഷ്ടം വിനിയോഗിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. ഫണ്ടുകളുടെ അനുവാദ ഉത്തരവുകളിൽ നിർദ്ദേശിക്കുന്ന രീതിയിൽ അവ പ്രത്യേകം അക്കൗണ്ടുകളിലേക്ക് മാറ്റി നിക്ഷേപിച്ച് വിവരം അറിയിക്കേണ്ടതും സമയബന്ധിതമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-18 പാലിന് സബ്സിഡി തുക സർക്കാർ പരിധി അതിലംഘിച്ച് അനുവദിച്ചു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ജി.ഒ.(എം.എസ്.)22/2018 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കപ്പെട്ട പതിമൂന്നാം

പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.8 അനുസരിച്ച്, ഒരു ക്ഷീര കർഷകന് ഒരു സാമ്പത്തിക വർഷം നൽകാവുന്ന പരമാവധി സബ്സിഡി തുക (അധികരിച്ച് ₹18,921/- അധികമായി) ₹40,000/-യാണ്. എന്നാൽ താഴെ പരാമർശിക്കുന്ന ഗുണഭോക്താവിന് തൻവർഷം ₹58,921/- സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ പേര് | വനിതാ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.083/2022) |
| അടങ്കൽ തുക | ₹10,00,000/- (വികസന ഫണ്ട്, പൊതുവിഭാഗം ) |
| ചെലവ് തുക | ₹7,96,081/- |

| ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | സബ്സിഡി ആയി അനുവദിക്കേണ്ട പരമാവധി തുക ₹ | അനുവദിച്ച തുക ₹ | ബിൽ നം./ തീയതി | അധികമായി അനുവദിച്ച തുക ₹ |
|---|---|---|---|---|---|
| ശ്രീമതി പ്രീതി എസ്. | 423402010007357 | 40000 | 28114 | 36587/17.11.2021 | 18921 |
| | | | 30807 | 05172/06.01.2022 | |
| | ആകെ | 40000 | 58921 | | 18921 |

ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/തീ. 24.11.2022) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി ഇനത്തിൽ അധികമായി അനുവദിച്ച ₹18,921/- ഗുണഭോക്താവിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

### 1-19 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഒരേ വ്യക്തികൾക്ക് ഒന്നിലധികം പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യം നൽകി - ₹1,18,004/- നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നം./പേര് | വനിതാ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(എസ്.083/2022) |
| അടങ്കൽ തുക | ₹10,00,000/- (വികസന ഫണ്ട്, പൊതുവിഭാഗം ) |
| ചെലവ് തുക | ₹7,96,081/- |

ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന വ്യക്തികൾക്ക് ₹3/- ഗ്രാമപഞ്ചായത്ത് വിഹിതവും ₹1/- ക്ഷീര വികസന വകുപ്പ് വിഹിതവും ഉൾപ്പടെ ഒരു ലിറ്ററിന് ₹4/- നിരക്കിൽ സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതാണ് പ്രോജക്ട് പ്രവർത്തനം. ക്ഷീര വികസന വകുപ്പ് വിഹിതം ലഭ്യമല്ലാതിരുന്നതിനാൽ ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്.

തൻവർഷം പ്രോജക്ടിനായി ₹10,00,000/- വകയിരുത്തുകയും വിവിധ ബില്ലുകൾ പ്രകാരം ₹7,96,081/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ നിന്നും ഈയിനത്തിൽ സബ്സിഡി അനുവദിക്കപ്പെട്ട ചില ഗുണഭോക്താക്കൾക്ക് മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ പ്രോജക്ടിലൂടെയും സബ്സിഡി ആനുകൂല്യം നൽകിയതായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്ന് (സാംഖ്യ വെബ് റിപ്പോർട്ടിലെ " Beneficiary Payment Details") വ്യക്തമാകുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് അന്വേഷണം നമ്പർ 05/തീ.24.11.2022)

| ക്രമ നമ്പർ | പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | അനുവദിച്ച തുക ₹ | ബിൽ നമ്പർ/ തീയതി | ആനുകൂല്യം നൽകിയ മറ്റ് പഞ്ചായത്തുകൾ | ആകെ അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|
| 1 | ഏലിയാമ്മ തോമസ് | 67022914138 | 5830 | 736587/ 02.12.2021 | നെടുങ്കണ്ടം ബ്ലോക്ക്<br>ഇടുക്കി ബ്ലോക്ക്<br>കരുണാപുരം | 191613 |

| | | | | | | |
|---|---|---|---|---|---|---|
| | | | 5830<br>6331 | 905166/ 07.01.20222<br>905172/ 07.01.2022 | കഞ്ഞിക്കുഴി<br>സേനാപതി<br>രാജാക്കാട്<br>രാജകുമാരി<br>മരിയാപുരം<br>നെടുങ്കണ്ടം<br>വാത്തിക്കുടി<br>പാമ്പാട്ടുംപാറ | |
| 2 | ഏലിക്കുട്ടി | 67241213166 | 5268<br>5268<br>3452 | 736591/ 02.12.2021<br>905166/ 07.01.20222<br>905182/ 07.01.2022 | ഇടുക്കി ബ്ലോക്ക്<br>കഞ്ഞിക്കുഴി<br>നെടുങ്കണ്ടം<br>പാമ്പാട്ടുംപാറ<br>രാജാക്കാട്<br>രാജകുമാരി<br>സേനാപതി<br>വാത്തിക്കുടി | 85301 |
| 3 | അന്ന ജെയ്മോൻ | 40672101055122 | 6240<br>6240<br>4673 | 736587/ 02.12.2021<br>905166/ 07.01.2022<br>905172/ 07.01.2022 | നെടുങ്കണ്ടം ബ്ലോക്ക്<br>ഇടുക്കി ബ്ലോക്ക്<br>കരുണാപുരം<br>കഞ്ഞിക്കുഴി<br>സേനാപതി<br>രാജാക്കാട്<br>രാജകുമാരി<br>മരിയാപുരം<br>നെടുങ്കണ്ടം<br>വാത്തിക്കുടി<br>പാമ്പാട്ടുംപാറ | 153819 |
| 4 | സിൽവി ടൈറ്റസ് | 455102010008327 | 5820<br>5820<br>4868 | 736591/ 02.12.2021<br>905166/ 07.01.2022<br>905182/ 07.01.2022 | കഞ്ഞിക്കുഴി<br>പാമ്പാട്ടുംപാറ<br>രാജാക്കാട്<br>രാജകുമാരി<br>സേനാപതി<br>നെടുങ്കണ്ടം<br>വാത്തിക്കുടി | 74910 |
| 5 | വൽസമ്മ തോമസ് | 455102010015347 | 5620<br>5620 | 736587/ 02.12.2021<br>905166/ 07.01.2022 | നെടുങ്കണ്ടം ബ്ലോക്ക്<br>പാമ്പാട്ടുംപാറ<br>സേനാപതി<br>നെടുങ്കണ്ടം<br>വാത്തിക്കുടി | 41580 |
| 6 | അന്ന ജാസിൽ | 455102010016248 | 175<br>7526<br>3480<br>7701<br>5233 | 736587/ 02.12.2021<br>736591/ 02.12.2021<br>905182/ 07.01.2022<br>905166/ 07.01.20222<br>905172/ 07.01.2022 | നെടുങ്കണ്ടം ബ്ലോക്ക്<br>സേനാപതി<br>രാജകുമാരി<br>നെടുങ്കണ്ടം<br>പാമ്പാട്ടുംപാറ | 59142 |
| 7 | സുജാത മുരളീധരൻ | 0678053000002560 | 5640<br>5640 | 736587/ 02.12.2021<br>905166/ 07.01.20222 | നെടുങ്കണ്ടം ബ്ലോക്ക്<br>ഇടുക്കി ബ്ലോക്ക്<br>കരുണാപുരം<br>കഞ്ഞിക്കുഴി<br>സേനാപതി<br>രാജാക്കാട്<br>രാജകുമാരി | 202839 |

| | | | | |
|---|---|---|---|---|
| | | | മരിയാപുരം<br>നെടുങ്കണ്ടം | |
| | 5729 | 905172/<br>07.01.2022 | വാത്തിക്കുടി<br>പാമ്പാടുംപാറ | |
| ആകെ | 118004 | | ആകെ | 809204 |

ഓരോ ഗ്രാമപഞ്ചായത്തിലും വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾക്കായി വകയിരുത്തുന്ന തുകകളുടെ ആനുകൂല്യത്തിനുള്ള അർഹത അതത് ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന വ്യക്തികൾക്ക് മാത്രമാണ്. ഇത്തരം പ്രോജക്ടുകൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തലത്തിൽ മാത്രം ക്രോഡീകരിക്കപ്പെടുന്നതിനാൽ ഒരേ ഗുണഭോക്താവിന് വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഒരേ ഇനത്തിന് സബ്സിഡി നൽകിയത് ശരിയായ നടപടിയല്ല. അതിനാൽ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ നിന്നും പാലിന് മേൽ കാണിച്ചിരിക്കുന്ന പ്രകാരം സബ്സിഡി അനുവദിച്ചിരിക്കുന്ന ₹1,18,004/-യുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക അവ കൈപ്പറ്റിയവരിൽ നിന്നോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-20 നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഈടാക്കിയ തുക സർക്കാരിലേക്ക് ഒടുക്കിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്ട് നം., പേര് | എസ്.183/22 മത്സ്യക്കൃഷി വികസനം (പടുതാക്കുളത്തിലെ മത്സ്യക്കൃഷി) |
| അടങ്കൽ തുക | ₹7,38,000/- (വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവ് തുക | ₹94,523/- |

പടുതാക്കുളം നിർമിച്ച് മീൻ വളർത്തുന്നതിന് സബ്സിഡി നൽകുവാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയ പ്രസ്തുത പ്രോജക്ടിലൂടെ 03 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിരുന്നു. ഇവരിൽ ₹31,259/-കൈപ്പറ്റിയ ശ്രീ. ആൽബിൻ ദേവസ്യ, പുളിയ്ക്കത്തുണ്ടിയിൽ, ഉടുമ്പൻചോല, ശാന്തരുവി എന്ന വ്യക്തി കരാറിന് വിരുദ്ധമായി കുളം മണ്ണിട്ട് മൂടിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് ഭരണ സമിതി നിർദ്ദേശാനുസരണം (തീരുമാന നം. 6(1)/17.05.2022) പ്രസ്തുത തുക തിരികെ ഈടാക്കുകയുണ്ടായി. പലിശയുൾപ്പടെ ആകെ ₹35,010/- 1220100407/തീ. 19.07.2022 നമ്പർ രസീത് പ്രകാരം സ്വീകരിച്ച ഗ്രാമപഞ്ചായത്ത് അത് സർക്കാരിലേക്ക് ഒടുക്കുന്നതിന് പകരം തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിച്ച ഫണ്ട് തനത് ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. സാമ്പത്തിക വർഷം അവസാനിച്ച ശേഷം തിരിച്ചടയ്ക്കുന്ന വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ (ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി)177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 കാണുക) പ്രസ്തുത തുക "3604-00-911-അധിക ചെലവ് വസൂലാക്കലുകൾ" എന്ന് കണക്ക് ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

1-21 മരാമത്ത് പ്രവൃത്തിയിലെ ഇനത്തിന് അധിക നിരക്ക് അനുവദിച്ചു

വല്ലറക്കൻപാറ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി ഭൂജല വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിനേക്കാൾ അധികരിച്ച നിരക്ക് അനുവദിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര്, എം. ബുക്ക് നം., കോൺട്രാക്ടർ | ബിൽ നം., തുക | എം ബുക്കിൽ രേഖപ്പെടുത്തിയ ഇനം, നിരക്ക് | ഭൂജലവകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | 12% GST അടക്കം അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|
| വല്ലറക്കൻപാറ കുടിവെള്ള പദ്ധതി എസ്.106/22 എം.ബുക്ക് നം. 445/21-22, ശ്രീ. ബാബു ദേവസ്യ | 29/04.05.22 ₹1,28,913/- | ഇനം 2 180mm, 6kg/cm2 PVC Caving Pipe (പേജ് നം. 2), 999.99/m | 680/m | 14999.85 (15x999.99) | 10200 (15x680) | 5376 |

(പൊത്തക്കള്ളി എസ്. റ്റി. കോളനി കുഴൽ കിണർ, മോട്ടോർ, പൈപ്പ് ലൈൻ, (എസ്.103/22 ) എന്ന പദ്ധതിയിലുൾപ്പെട്ട

ഇതേയിനത്തിന് എം. ബുക്കിൽ ആദ്യം ₹999.99/m എന്ന നിരക്കിൽ തുക കണക്കാക്കിയെങ്കിലും പിന്നീട് 680/m എന്ന് തിരുത്തൽ വരുത്തിയാണ് തുക അനുവദിച്ചത്).

അധികമായി നൽകിയ തുക കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസി. എൻജിനീയറിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 നീക്കം ചെയ്ത ജി.ഐ. പൈപ്പുകൾ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല

മാട്ടുത്താവളം കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണിയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന 65.5 മീറ്റർ ജി.ഐ. പൈപ്പ് നീക്കം ചെയ്ത് പുതിയ 50mm ജി.ഐ. പൈപ്പ് സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (234/21-22 നമ്പർ അളവ് പുസ്തകത്തിന്റെ 1, 2, 3 പേജുകളിലായി രേഖപ്പെടുത്തിയിരിക്കുന്ന 1, 3 ഇനങ്ങൾ കാണുക). നീക്കം ചെയ്ത പഴയ ജി. ഐ. പൈപ്പിന്റെ മൂല്യം ക്രമീകരിച്ച/പുനരുപയോഗിച്ച വിവരങ്ങൾ അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

നീക്കം ചെയ്ത പൈപ്പുകൾ പദ്ധതി പ്രദേശത്തെ കുടിവെള്ള ടാങ്കിന് സമീപം സൂക്ഷിച്ചിട്ടുള്ളതായി അസി. എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ജി.ഐ പൈപ്പുകൾ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത വിവരം അറിയിക്കേണ്ടതാണ്.

1-23 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. നിക്ഷേപ രജിസ്റ്റർ പ്രകാരം പ്രസ്തുത ഇനത്തിൽ തൻവർഷം ₹45,500/- വരവുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽനിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി (നിലാവ്) പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | സ്ട്രീറ്റ് മെയിൻ കെ.എസ്.ഇ.ബി.-ക്ക് തുക നൽകൽ (നം. 114/22) |
| അടങ്കൽ | ₹20,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | വൗച്ചർ നം. 22100839/തീ. 10.02.2022. ₹13,92,400/- |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നിലാവ് എന്ന പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.12.2020-ലെ ജി.ഒ(പി)202/2020 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം 15.02.2020-ലെ 1(8) നമ്പർ തീരുമാനപ്രകാരം ഭരണ സമിതി പദ്ധതി അംഗീകരിക്കുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉത്തരവിൽ പരാമർശിക്കുന്ന അഞ്ചാം നമ്പർ പാക്കേജ്, അതായത് 18 W-ന്റെ 300 LED, 35 W-ന്റെ 200 LED-കൾ ഉൾപ്പെടെ ആകെ 500 LED വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി പ്രകാരം വിളക്കുകൾ വാങ്ങൽ/സ്ഥാപിക്കൽ പ്രക്രിയകൾ കെ.എസ്.ഇ.ബി.-യാണ് നിർവ്വഹിക്കുന്നത്. വാറണ്ടി 7 വർഷം. പ്രോജക്ട് പ്രകാരം തുക പിൻവലിച്ച് നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.

നിലവിൽ 50 ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.-യിൽ ലഭ്യമായ ബാക്കി 450 ലൈറ്റുകൾ 2021 ജൂൺ 30-നകം സ്ഥാപിക്കുമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് അസി. ഡയറക്ടർക്ക് 26.05.2021-ൽ നൽകിയ എ2-281/2021-കത്തിൽ അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സ്ഥാപിതമായിട്ടില്ല.

മുൻവർഷം കെ.എസ്.ഇ.ബി., ഉടുമ്പൻചോല സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 08.03.2021-ലെ ഡി.ബി.-20-Streetlight-Nilavu/2020-21/AE/ES/ULDA/354 കത്തിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം.22000977/10.03.2021 പ്രകാരം ₹44,054/- നൽകിയിട്ടുണ്ട്

(വിശദവിവരത്തിന് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-21 കാണുക)

തൻവർഷം ഡി.ബി.-42-udla/nilavu/2021-22/169/25.11.21 കത്തിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം. 22100839/10.02.2022 പ്രകാരം വീണ്ടും ₹13,92,400/- കൂടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ₹13,92,400/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി യഥാവിധി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

2022-23 വർഷം ഈ പദ്ധതിയ്ക്കായി File No. 400549/DPPE O2/GPO/2002/1517/4.8.2022 പ്രകാരം ₹5,82,448/-യും നൽകിയിട്ടുണ്ട്.

## 1-25 അനർഹമായി ക്ഷേമ പെൻഷൻ അനുവദിച്ചത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2021 ജനുവരി മുതൽ 2022 മാർച്ച് വരെയുള്ള പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.

1. പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷനർ ഐ.ഡി. | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ ഇനം | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|---|---|
| 1 | വർക്കി | Xxx0435 | 20-02-21 | 2/2021-4/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 4600 |
| 2 | ദേവസ്യ | Xxx0518 | 02-03-21 | 3/2021-4/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 3100 |
| 3 | വടമല പച്ചമുത്തു | Xxx1284 | 05-03-21 | 3/2021-4/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 3100 |
| 4 | പാണ്ഡ്യൻ രാമർ | Xxx1100 | 05-03-21 | 5/2021-9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 27200 |
| 5 | സരോജിനി പൊന്നപ്പൻ | Xxx0133 | 28-07-21 | 8/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 1600 |
| 6 | രാജ | Xxx0609 | 05-10-21 | 10/21-9/22 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികം | ആക്ടീവ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 19200 |
| 7 | കമലമ്മ നാരായണൻ | Xxx0393 | 13-10-21 | 10/21-4/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 11200 |
| 8 | മറിയക്കുട്ടി ജോസഫ് | Xxx0192 | 13-12-21 | 12/21-4/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 8000 |
| 9 | വിജയൻ പി.വി | Xxx1041 | 11-11-21 | 11/21-4/21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 9600 |
| 10 | ലീല ജോർജ്ജ് | Xxx1607 | 15-12-21 | 12/21-2/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 4800 |
| 11 | മാത്യു മാത്തൻ | Xxx0154 | 27-12-21 | 12/21-2/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 4800 |
| 12 | ദിവാകരൻ വി.കെ | Xxx0084 | 19-12-21 | 12/21-1/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 3200 |
| 13 | ത്രേസ്യാമ്മ തങ്കച്ചൻ | Xxx1212 | 05-12-21 | 12/21-2/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 4800 |
| 14 | വി. മോഹനൻ | Xxx1114 | 19-01-22 | 1/22-5/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 8000 |
| 15 | ദേവസ്യ ജോസഫ് | Xxx0842 | 14-02-22 | 2/22-4/22 | ഇന്ദിരാ ഗാന്ധി | സസ്പെൻഡ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 4800 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | ദേശീയ വാർദ്ധക്യകാല പെൻഷൻ | | | |
| 16 | ത്രേസ്യാമ്മ പൗലോസ് | Xxx0716 | 18-02-22 | 2-22-9/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 12800 |
| 19 | തങ്കപ്പൻ | Xxx0538 | 24-02-22 | 2/22-9/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 12800 |
| 20 | ധനപാൽ എസ് | Xxx0277 | 20-02-22 | 2/22-9/22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 12800 |
| ആകെ | | | | | | | | 169500 |

2. പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തത്

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷനർ ഐ.ഡി. | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ ഇനം | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|---|---|
| 1 | ഫ്രാൻസിസ് | Xxx2228 | 17-12-20 | 12/20-6/21 | സസ്പെൻഡ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | കൊന്നത്തടി ഗ്രാമ പഞ്ചായത്ത് | 10800 |
| 2 | മാരിസ്വാമി ഗബ്രിയേൽ | Xxx1465 | 06-03-22 | 3/22-4/22 | സസ്പെൻഡ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 3200 |
| 3 | കൃഷ്ണൻ ചക്കമണി | Xxx1670 | 11-09-21 | 9/21-4/22 | സസ്പെൻഡ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 12800 |
| 4 | തങ്കമ്മ കേശവൻ | Xxx0139 | 22-10-21 | 10/21-4/22 | സസ്പെൻഡ് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 11200 |
| 5 | ഹെൻട്രി ചെറിയാൻ | Xxx0960 | 07-01-2022 | 1/22-4/22 | സസ്പെൻഡ് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 6400 |
| ആകെ | | | | | | | | 31600 |

3. പെൻഷൻ വിതരണ വിവരം ലഭ്യമല്ലാത്തത്

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷനർ ഐ.ഡി./ പ്രതിമാസ പെൻഷൻ തുക | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം |
|---|---|---|---|---|---|
| 1 | LEELA GEORGE | Xxx5513 | 27-12-2021 | ആക്ടീവ് | KBOCWWB Idukki District Office |
| 2 | ദേവസ്യ ജോസഫ് | Xxx4182 | 14-02-2022 | ആക്ടീവ് | Agricultural Office Udumbanchola |

4. മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടഞ്ഞ് വച്ചിരിക്കുന്നത്

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷനർ ഐ.ഡി./ | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | കറുപ്പായി ചിന്നത്തേവർ | Xxx0237 | 19-12-2021 | ആക്ടീവ് |

അർഹതയില്ലാത്ത കാലയളവിൽ പെൻഷൻ നൽകിയതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/22.11.2022) നൽകിയ മറുപടിയിൽ അനർഹമായി നൽകിയ പെൻഷൻ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മുകളിൽ പട്ടികകളിൽ പരാമർശിച്ചിരിക്കുന്ന പെൻഷണർമാരിൽ ഭൂരിഭാഗം പെൻഷണർമാരും ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരും ഈ പഞ്ചായത്തിൽ നിന്ന് തന്നെ പെൻഷൻ വാങ്ങുന്നവരുമാണ്. ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ മരണ രജിസ്റ്റർ ചെയ്തവരുടെ പോലും പെൻഷൻ റദ്ദ് ചെയ്തിട്ടില്ലാത്തത് അംഗീകരിക്കാവുന്നതല്ല. ഒപ്പം തന്നെ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ യഥാസമയം മറ്റ് ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതിൽ വീഴ്ച സംഭവിച്ചിരിക്കുന്നതിനാൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് മേൽ പട്ടികകളിൽ നിന്നും വ്യക്തമാണ്. കൂടാതെ ഈ ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ ലഭിക്കുന്നവരും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്തവർക്കും പെൻഷൻ നൽകുന്നതിനുള്ള സാധ്യതയുണ്ട്.

പല ഗുണഭോക്താക്കളുടെയും മരണം രജിസ്റ്റർ ചെയ്തുകഴിഞ്ഞതിന് ശേഷവും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് മാസങ്ങൾക്ക് ശേഷമാണ്. പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തവ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുന്നില്ലാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ/ക്ഷേമനിധി ബോർഡുകൾ എന്നിവ മുഖേന പെൻഷൻ തുടർന്നും അനുവദിക്കുന്നുണ്ട്. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

പെൻഷൻ സസ്പെൻഡ് ചെയ്തതിന് ശേഷം അനർഹമായി കൈപ്പറ്റിയ പെൻഷൻ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ മാത്രമാണ് അനർഹമായി കൈപ്പറ്റിയ പെൻഷൻ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയത്.

23.09.2020ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും പ്രസ്തുത പേരുകൾ ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്ന പക്ഷം തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ പെൻഷൻ തുക ബാങ്കിൽ നിന്നോ നേരിട്ടോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന./തീ. 17.08.2017ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

### 1-26 സംഭാവനകളായി ലഭിച്ച തുകകൾ സർക്കാർ ഫണ്ടിലൊടുക്കിയില്ല

വിവിധ ഏജൻസികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സംഭാവനയായി ലഭിച്ച താഴെ പട്ടികയിൽ പരാമർശിക്കുന്ന തുകകൾ വാർഷിക ധനകാര്യ പത്രികയുടെ B-4 പത്രികയിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക ₹ |
|---|---|---|
| 1 | CMRDF ഫണ്ടിലേയ്ക്കുള്ള സംഭാവന | 14442 |
| 2 | പകർച്ചവ്യാധി നിയന്ത്രണം | 152136 |
| 3 | പ്രളയ ദുരിതാശ്വാസം | 15165 |

പ്രസ്തുത തുക സർക്കാർ ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പാലിന് സബ്സിഡി തുക സർക്കാർ പരിധി അതിലംഘിച്ച് അനുവദിച്ചു

ഒരു ക്ഷീര കർഷകന്, ഒരു സാമ്പത്തിക വർഷം നൽകാവുന്ന പരമാവധി സബ്സിഡി തുക അധികരിച്ച് ₹18,921/- അധികമായി നൽകിയത് മൂലം പ്രസ്തുത തുക പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 1-18ൽ ചേർത്തിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരുവിവരം ഖണ്ഡിക 4-10(ബി)യിൽ ചേർത്തിട്ടുണ്ട്.

3-2 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പ്രോജക്ട് നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേട് - ₹1,18,004/- നിരാകരിക്കുന്നു

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ട് നടപ്പാക്കിയപ്പോൾ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത 7 പേർക്ക് ആനുകൂല്യം നൽകിയത് മൂലം ₹1,18,004/- പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 1-19ൽ ചേർത്തിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരുവിവരം ഖണ്ഡിക 4-10(ബി)യിൽ ചേർത്തിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർക്കുന്നു |

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 329400 | ലൈഫ് ഭവന പദ്ധതി (എസ്.സി.) (123/22) | 329400 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 200000 | ലൈഫ് ഭവന പദ്ധതി (അഡീഷണൽ - എസ്.സി.)(127/22) | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 1970000 | ലൈഫ് ഭവന പദ്ധതി (ജനറൽ) (122/22) | 1970000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 2662200 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (127/22) | 2662200 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 300000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 300000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 200000 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾ സ്ഥലം വാങ്ങലിന് ധനസഹായം (ജനറൽ) | 200000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 125000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - 6/2022 | 25000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 125000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - 6/2022 | 125000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 50000 | ആശ്രയ ഭവന പദ്ധതി | 50000 | 0 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ, കെ.എസ്.ഇ.ബി.-ക്ക് തുക നൽകൽ (114/22) | 22100839/ 10.02.22 | 1392400 | 0 | 1392400 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല --

4-5 വായ്പ/വായ്പ തിരിച്ചടവ്

വാർഷിക കണക്കുകൾ, ലോൺ രജിസ്റ്റർ, ബാങ്ക് പാസ്ബുക്ക് എന്നിവ പ്രകാരമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ലാത്തതിനാൽ

വായ്പ/വായ്പ തിരിച്ചടവ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്താനാവുന്നില്ല. വായ്പ/വായ്പ തിരിച്ചടവ് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 4-6 സ്ഥിര നിക്ഷേപം

– ഇല്ല –

### 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-5 | 2006-07 | 3.35.1 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| 2002-03 | 3-7 | 2006-07 | 3-35.2 | വൗച്ചറുകളും രേഖകളും ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2002-03 | 2-2 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | തീർപ്പാക്കിയിട്ടില്ല |
| 2004-05 | 3-7 | 2008-09 | 3.7.2 | ആശ്രയ ഭവന പദ്ധതി രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2004-05 | 3-8 | 2008-09 | 3.5.7 | കമ്പ്യൂട്ടർ പരിശീലന പദ്ധതി ധന ദുർവിനിയോഗം | തീർപ്പാക്കിയിട്ടില്ല |
| 2006-07 | 3-4 | 2010-11 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| - | - | 2012-13 | 2-6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് - ലഘു അവലോകനം | തീർപ്പാക്കിയിട്ടില്ല |
| - | - | 2015-16 | 4.1.5 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സമ്പ്രദായം | തീർപ്പാക്കിയിട്ടില്ല |

### 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക | | | | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| - ഇല്ല - | | | | | | | | | | | | | |

ബി) സർചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2006-07 | ഖ 3(1) | എം. കെ. ചെല്ലപ്പൻ ചൈതന്യ, താമരക്കുളം | LF-1365/ Spl.cell/ Csc/ C1/2011 Dt.18/10/13 | 93952 | | (*)ഇല്ല | 85750 | | | 85750 | 8202 | |
| 2 | 1997-98 | ഖ.29(1), (2), 30(1), 30(2), 31,32, 33,38 | ധർമ്മപാലൻ സെക്രട്ടറി | Lf-5680/ Spl.cell/ Sc2/01 Dt.18/05/01 | 5386 | നം.20/ 49950/ 4/12/2002 ₹280/-, 22/49950 ₹323/-, 68/82007/ 17/11/2007 ₹1,300/-, 68/82007 17/11/07 ₹233/-, 21/49950 ₹217/-, 68/82025 17/11/08 ₹510/- | -- | | | | 2863 | ഇല്ല | |
| 3 | 1998-99 | ഖ. 22, 31 | വി. ബാലകൃഷ്ണ റാവു, സെക്രട്ടറി | LF-9386/ SC2/02 Dt. 07/01/03 | 5455 | | (*)ഇല്ല | | | | | 5455 | |
| 4 | 1999-00 | ഖ.27(1), (2), (3) | പി. ജോൺസ് | LF1-6201/03 Dt.05/02/05 | 21500 | | (*)ഇല്ല | | | | | 21500 | |
| 5 | 1997-98 | ഖ. 27, 28 | ധർമ്മപാലൻ, സെക്രട്ടറി | Lf 5680/ Spl.cell/ Sc2/2001 Dt.03/09/02 | 2419 | 2419 Re.no68/ 82007 Dt. 17/11/07 | -- | | | | 2419 | ഇല്ല | |

(*) പ്രസ്തുത തുകകൾ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹7017367 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹86227880 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹93245247 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹80913576 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | ₹12331671 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹136925 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1392400 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്).

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 18921 | ശ്രീ. ബിനാഷ് തോമസ്, ഡി.എഫ്.ഐ. |
| 3-2 | - | 118004 | ശ്രീ. ബിനാഷ് തോമസ്, ഡി.എഫ്.ഐ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 1392400 | ശ്രീ. പി. സിഫി, സെക്രട്ടറി-ഇൻ-ചാർജ്ജ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-- ഇല്ല --

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. സിഫി<br>സെക്രട്ടറി-ഇൻ-ചാർജ്ജ് | അസി. സെക്രട്ടറി<br>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | സിയവില്ല<br>ശ്രീകൃഷ്ണ നഗർ<br>ആശ്രാമം പി. ഒ.<br>കൊല്ലം |
| ശ്രീ. ബിനാഷ് തോമസ്<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ<br>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | ചേരുങ്കൽ ഹൗസ്<br>പുഷ്പക്കണ്ടം പി. ഒ.<br>പാലാർ<br>ഇടുക്കി - 685552 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(1996-97) (അദാലത്ത് - സെപ്റ്റംബർ)/ 2022/29.09.2022 | 4 | 31, 32, 38(1), 38(2) |
| 1997-98 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(1997-98) (അദാലത്ത് - സെപ്റ്റംബർ)/ 2022/29.09.2022 | 1 | 32 |
| 1998-99 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(1998-99) (അദാലത്ത് - സെപ്റ്റംബർ)/ 2022/29.09.2022 | 6 | 2-22, 2-25(A), 2-25(B), 3-31, 3-38 |
| 1999-2000 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(1999-2000) (അദാലത്ത് - സെപ്റ്റംബർ)/ 2022/29.09.2022 | 3 | 2-27(1, 2, 3) |
| 2006-07 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2006-07) (അദാലത്ത് - സെപ്റ്റംബർ)/ 2022/29.09.2022 | 2 | 3-1, 3-4 |
| 2007-08 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2007-08) (അദാലത്ത് - സെപ്റ്റംബർ)/ 2022/29.09.2022 | 3 | 3-6, 3-7, 3-8 |
| 2008-09 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2008-09) | 3 | 3-10, 3-15, 3-16 |

| | | | |
|---|---|---|---|
| | (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | | |
| 2009-10 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2009-10) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 1 | 3-6 |
| 2010-11 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2010-11) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 3 | 3-2, 3-3, 3-8 |
| 2011-12 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2011-12) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 8 | 3-1, 3-3, 3-5, 3-6, 3-14, 3-15, 3-20, 3-22 |
| 2012-13 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2012-13) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 1 | 3-1 |
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2013-14) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 1 | 3-7 |
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2014-15) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 2 | 3-1, 3-6 |
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2015-16) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 8 | 2-1, 2-6, 3-2, 3-3, 3-4, 3-6, 3-7 |
| 2016-17 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2016-17) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 1 | 3-1 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2017-18) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 5 | 1-12, 2-2, 3-2, 3-3, 3-11 |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2018-19) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 8 | 1-14, 1-32, 1-35, 1-36, 1-37, 1-38, 3-1 (1-20) |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ-പി12/638/ 2022/21.06.2022 | 14 | 1-3-3, 1-18, 1-21, 1-22, 1-24, 1-25, 1-26, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2020-21 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2020-21) (അദാലത്ത് – സെപ്റ്റംബർ)/ 2022/29.09.2022 | 13 | 1-20, 1-21, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 3-2, 3-3 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്